നം - എൻ2/22494/13/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.04.07.2013

**സർക്കുലർ**

വിഷയം-പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2013-14- ദേശസാൽകൃത ബാങ്കുകളിലെ അക്കൗണ്ട് നമ്പർ, ആധാർ/യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള പുതുക്കിയ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന- 17.05.2013 ലെ ഇതേ നമ്പർ സർക്കുലർ.

2013-14 ലെ ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിപ്രകാരം ഹാജരാക്കുന്ന അപേക്ഷയിൽ, ദേശസാൽകൃത ബാങ്കുകളിലെ അക്കൗണ്ട് നമ്പർ, ആധാർ/യു.ഐ.ഡി/ഇ.ഐ.ഡി-നമ്പർ എന്നിവ ചേർക്കുന്നതിന് സൂചനപ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അപേക്ഷകർക്ക് ബാങ്ക് അക്കൗണ്ട് നമ്പർ, യു.ഐ.ഡി എന്നിവ ലഭിക്കുന്നതിലുള്ള പ്രയാസം പരിഗണിച്ച് താഴെപ്പറയുന്ന പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- റിന്യൂവൽ വിഭാഗത്തിൽ ഹാജരാക്കുന്ന അപേക്ഷകളിൽ, ദേശസാൽകൃത ബാങ്കുകളിൽ കുട്ടിയുടെയോ, കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ട് നമ്പരോ രേഖപ്പെടുത്തേണ്ടതാണ്.

- പുതിയ അപേക്ഷകർ ഹാജരാക്കുന്ന അപേക്ഷകളിൽ ബാങ്ക് അക്കൗണ്ട് നമ്പർ അപേക്ഷിക്കുന്ന അവസരത്തിൽ നിർബന്ധമല്ല. ദേശസാൽകൃത ബാങ്കുകളിലെ അക്കൗണ്ട് നമ്പർ ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും. പിന്നീട് സ്കോളർഷിപ്പിന് അർഹത നേടുകയാണെങ്കിൽ ബാങ്ക് അക്കൗണ്ട് നമ്പർ അറിയിച്ചാൽ മതിയാകുന്നതാണ്.

- റിന്യൂവൽ, ഫ്രഷ് വിഭാഗത്തിലുള്ള അപേക്ഷകർക്ക് ഇതിനകം ആധാർ/യു.ഐ.ഡി/ഇ.ഐ.ഡി- നമ്പർ ലഭിച്ചിട്ടുണ്ടെങ്കിൽ അവ രേഖപ്പെടുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് -
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ സ്കൂളധികാരികൾക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ, തിരുവനന്തപുരം (മേലെഴുത്തിനൊപ്പം)
5. സൂക്ഷിപ്പ് ഫയൽ